പേഴ്സണൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾസ്

4 (3094) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെയും മറ്റും പേഴ്സണൽ സ്റ്റാഫിൽ ബോർഡ്/കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള ജീവനക്കാരെ നിയമിക്കുന്നത് ഏത് രീതിയിലായിരിക്കണമെന്നാണ് സ്പെഷ്യൽ റൂളിൽ വിവക്ഷിക്കുന്നത്;

(ബി) പേഴ്സണൽ സ്റ്റാഫിൽ നിയമിക്കുന്ന ബോർഡ്/കോർപ്പറേഷൻ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാൻ സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(സി) പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെട്ടവർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയും നിയമിക്കപ്പെടുന്ന തസ്തികയും കണക്കിലെടുത്ത് ആ തസ്തികയുടെ മിനിമം ശമ്പളമെങ്കിലും നൽകുകയെന്ന സാമാന്യ ചട്ടം ഇവരുടെ കാര്യത്തിൽ ബാധകമാണോ; ഇല്ലെങ്കിൽ മിനിമം ശമ്പളമെങ്കിലും ഉറപ്പാക്കാൻ ചട്ടത്തിൽ ആവശ്യമായ ഭേദഗതി ഈ സർക്കാരിന്റെ കാലാവധി മുതൽ മുൻകാലപ്രാബല്യത്തിൽ വരുത്തുമോ?

ഉത്തരം

(എ & ബി) സ്പെഷ്യൽ റൂൾസിലെ ചട്ടം 4 പ്രകാരം, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് ഈ നിയമനങ്ങൾ.

(സി) പേഴ്സണൽ സ്റ്റാഫിലെ നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾസാണ് ബാധകമായിട്ടുള്ളത്. ആയതിന്റെ വെളിച്ചത്തിലുള്ള ആനുകൂല്യങ്ങൾ മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ.

പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ പെൻഷൻ

5 (3095) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സർവ്വീസ് പെൻഷൻകാരുടെയും ശമ്പളവും പെൻഷനും പരിഷ്കരിച്ച സാഹചര്യത്തിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫംഗങ്ങളായിരുന്നവരുടെ പെൻഷൻ പരിഷ്കരിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പെൻഷൻ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉത്തരവ് ഇറക്കിയിട്ടില്ല.

(ബി) നടപടികൾ സ്വീകരിക്കുന്നതാണ്.

മന്ത്രിസഭാ യോഗം

6 (T* 3096) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2015 ഡിസംബർ 17-ന് ചേർന്ന മന്ത്രിസഭാ യോഗത്തിന്റെ പ്രധാന തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു എന്നറിയിക്കുമോ?

ഉത്തരം

2015 ഡിസംബർ 17-ൽ പ്രത്യേക മന്ത്രിസഭാ യോഗമാണ് ഉണ്ടായിരുന്നത്. പ്രസ്തുത മന്ത്രിസഭാ യോഗം 50 ഇനങ്ങളിൽ തീരുമാനമെടുക്കുകയുണ്ടായി.

മാവേലിക്കര മണ്ഡലത്തിൽ ചുനക്കര പഞ്ചായത്തിലെ മേരി തോമസിന്റെ അപേക്ഷ

7 (3097) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ചുനക്കര പഞ്ചായത്തിലെ സ്ഥിരതാമസക്കാരിയായ മേരി തോമസ്, പുത്തൻ വീട്ടിൽ, കോവല്ലൂർ P. O. എന്ന വ്യക്തി, ഐ.എ.വൈ. (IAY) പദ്ധതിയിൽ അനുവദിച്ച ഉകയുടെ 3-ാം ഗഡു ലഭ്യമാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ജനസമ്പർക്ക പരിപാടിയിൽ അപേക്ഷ നൽകിയിട്ടും നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതിക്കാരിയുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത വ്യക്തിക്ക് ഐ.എ.വൈ.(IAY) പദ്ധതിയുടെ 3-ാം ഗഡു നൽകാത്തതിന്റെ കാരണം വിശദമാക്കുമോ ?

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly